പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 113 — 10.06.2013-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്

## മദ്യഉപഭോഗം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 2012-13 ൽ എത്ര കോടി രൂപയുടെ വിദേശമദ്യമാണ് വിറ്റഴിക്കപ്പെട്ടത്; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 8818 കോടി രൂപയുടെ മദ്യം വിറ്റഴിക്കപ്പെട്ടു. |
| (ബി) 2011-12 ൽ എത്ര കോടി രൂപയുടെ വില്പനയാണ് നടന്നത്; | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 7861 കോടി രൂപയുടെ മദ്യം വില്പന നടന്നു. |
| (സി) സംസ്ഥാനത്ത് എത്ര ബാറുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് 738 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 88 |
| കൊല്ലം | 57 |
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 38 |
| കോട്ടയം | 71 |
| ഇടുക്കി | 26 |
| എറണാകുളം | 182 |
| തൃശ്ശൂർ | 112 |
| പാലക്കാട് | 37 |
| മലപ്പുറം | 27 |
| കോഴിക്കോട് | 30 |
| വയനാട് | 11 |
| കണ്ണൂർ | 27 |
| കാസർഗോഡ് | 8 |

| | |
|---|---|
| (ഡി) ഈ ബാറുകളിലെല്ലാം കൂടി 2012-13 ൽ എത്ര കോടി രൂപയുടെ വിദേശമദ്യമാണ് വില്പന നടത്തിയത്; | (ഡി) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, 2012-13 സാമ്പത്തിക വർഷത്തിൽ, 2042.24 കോടി രൂപയുടെ മദ്യം സംസ്ഥാനത്തെ ബാറുകൾക്ക് വില്പന നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) മദ്യഉപഭോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിന്റെ ഫലമായി മദ്യഉപഭോഗത്തിൽ എന്തെങ്കിലും കുറവ് വന്നതായി വിവരം ലഭിച്ചിട്ടുണ്ടോ? | (ഇ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നത് ലക്ഷ്യമാക്കി, മദ്യാസക്തിയും അതുമൂലമുള്ള സാമൂഹ്യവിപത്തിൽ നിന്നും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി മദ്യപാനം മൂലം തകർന്ന വ്യക്തികളെ അതിൽ നിന്നും മോചിപ്പിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നല്കുകയും, അതുപോലെ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുകയും, സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന 750-ൽ പരം ലഹരി വിരുദ്ധ ക്ലബുകൾക്ക് 500/- രൂപ വീതം പ്രവർത്തന ഫണ്ട് നല്കുകയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. കോളേജ് തലങ്ങളിലേക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീമിന്റെ സഹായത്തോടു കൂടി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതുപോലെ കുടുംബശ്രീയുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി ലഹരി വിരുദ്ധ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. 200 കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസുകളിൽ ലഹരി വിരുദ്ധ ആശയങ്ങളടങ്ങുന്ന പരസ്യങ്ങൾ നല്കിയിട്ടുണ്ട്. ഏറ്റവും മികച്ച ലഹരി വിരുദ്ധ ക്ലബിനും, ഏറ്റവും മികച്ച രീതിയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനയ്ക്കും, സന്നദ്ധ പ്രവർത്തകനും അവാർഡ് നല്കുകയുണ്ടായി. ബോധവൽക്കരണ പരിപാടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്നും മൽസരാടിസ്ഥാനത്തിൽ പോസ്റ്ററുകൾ ക്ഷണിക്കുകയും, മികച്ച പോസ്റ്ററുകൾക്ക് സമ്മാനം നല്കുകയും ചെയ്തു. |

മുൻകാലങ്ങളെ അപേക്ഷിച്ച് മദ്യത്തിന്റെ വില്പനയുടെ അളവിൽ കുറവു വന്നിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി മദ്യത്തിന്റെ വില്പനയുടെ വർദ്ധനവിന്റെ തോതിൽ കുറവു വരുന്നതായി കാണുന്നു. 2010-11 വർഷത്തിൽ മദ്യ വില്പനയുടെ അളവിൽ 16% വർദ്ധനവുണ്ടായിട്ടുള്ളത്, 2011-12 വർഷത്തിൽ 11% ആയി കുറഞ്ഞു. എന്നാൽ 2012-13 കാലഘട്ടത്തിൽ ഇത് 1% ആയി കുറയുകയും, 2013-14 കാലഘട്ടത്തിൽ മെയ് മാസം വരെ കഴിഞ്ഞ വർഷത്തെ വില്പനയുമായി താരതമ്യപ്പെടുത്തുമ്പോൾ വില്പന ഒരു ശതമാനം കുറയുകയും ചെയ്തിട്ടുണ്ട്. അതായത് വാർഷിക വളർച്ചാ നിരക്കിൽ 15 ശതമാനത്തിന്റെ കുറവു കാണുന്നു. ഇതിനർത്ഥം ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ഫലമായി മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവു കാണുന്നു എന്നുള്ളതാണ്.

സെക്ഷൻ ഓഫീസർ